# 2023 ഡിസംബർ 29, 30 –
# ഐ.എൻ.റ്റി.യു.സി. സംസ്ഥാന സമ്മേളനം

## ഡിസംബർ 28 – സെമിനാർ – വിഷയാവതരണം

## ഇന്നത്തെ ഇൻഡ്യയും – തൊഴിലവകാശങ്ങളും

**ആർ. ചന്ദ്രശേഖരൻ**
ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ്

അയ്യായിരം വർഷത്തെ ദ്രാവിഡ സംസ്കാരം മുതൽ 1947 ൽ സ്വതന്ത്രഭാരതം രൂപീകൃതമാകുന്നതുവരെയുള്ള ഇൻഡ്യാചരിത്രം ദ്രാവിഡ-ആര്യ-വേദ-ഉപനിഷത്ത് സംസ്കാര ആവിർഭാവത്തിന്റെയും ബുദ്ധ, ജൈനമത പ്രവർത്തനങ്ങളുടെയും അറബ് യൂറോപ്യൻ കുടിയേറ്റ അധിനിവേശത്തിന്റെയും, സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളുടെയും, സ്വാതന്ത്ര്യ സമ്പാദനത്തിന്റെയും ചരിത്രം ഉൾക്കൊള്ളുന്നു.

584 വ്യത്യസ്ത രാജ്യങ്ങളായിരുന്ന ഈ രാഷ്ട്ര സമൂഹം ഇൻഡ്യ എന്ന ഏകീകൃത ഭാവത്തിലേയ്ക്ക് മാറിയത് 1947 ൽ സ്വാതന്ത്ര്യസമ്പാദനത്തിന് ശേഷമാണ്. നിലവിൽ 28 സംസ്ഥാനങ്ങളും, 8 കേന്ദ്രഭരണ പ്രദേശങ്ങളും ഇൻഡ്യയിൽ ഉൾപ്പെടുന്നു. 16 ഔദ്യോഗിക ഭാഷകളും  നിരവധി പ്രാദേശിക ഭാഷകളും ഇൻഡ്യൻ ജനത ഉപയോഗിക്കുന്നു. 80% ഹിന്ദുക്കളും, 14% മുസ്ലീംങ്ങളും, 2.75% ക്രിസ്ത്യാനികളും, 1.7%  സിക്കുകാരും ഉൾപ്പെടുന്നതാണ് ഇൻഡ്യയുടെ മതവിഭാഗ പരിച്ഛേദം. 1947 ൽ 34 കോടിയായിരുന്ന ജനസംഖ്യ 2023 ൽ 143 കോടിയായിരിക്കുന്നു. ഇതിൽ 62 കോടിയും സംഘടിത-അസംഘടിത മേഖലകളിലായി പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്.

സ്വതന്ത്ര ഇൻഡ്യയുടെ ആരംഭത്തിൽ കേവലം ചില കാർഷിക പ്രവർത്തനങ്ങളും, തോട്ടങ്ങളും, തുണിമില്ലുകളും, ചണമില്ലുകളും, ചെറുകിട ഇരുമ്പ്, ഉരുക്ക് വ്യവസായങ്ങളും പഞ്ചസാര ഉല്പാദനവും, സിമന്റ് ഫാക്ടറികളും ഒഴിച്ചാൽ ഇൻഡ്യയുടെ വ്യാവസായിക ഉല്പാദനം വളരെ ശുഷ്ക്കമായിരുന്നു. അതിനാൽ 1947 ൽ രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനം (GDP) 2.7 ലക്ഷം കോടി മാത്രമായി രേഖപ്പെടുത്തപ്പെട്ടു.

രാജ്യത്തിന്റെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഫാബിയൻ സോഷ്യലിസ്റ്റ് കാഴ്ചപ്പാടിൽ നടപ്പാക്കിയ 1950 ലെ പ്ലാനിംഗ് കമ്മീഷൻ രൂപീകരണവും പഞ്ചവൽസര പദ്ധതികളുടെ നടത്തിപ്പും വഴി ഒന്നാം പഞ്ചവൽസര പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് പ്രാമുഖ്യം നൽകിയും, രണ്ടാം പഞ്ചവൽസര പദ്ധതി മുതൽ വ്യവസായ മേഖലയ്ക്ക് പ്രാധാന്യം നൽകിയും രാജ്യം മുന്നോട്ട് കുതിച്ചപ്പോൾ വളർച്ച ധൃതഗതിയിലായി.

17 അടിസ്ഥാന വ്യവസായങ്ങൾ പൊതുമേഖലയിൽ മാത്രം നിജപ്പെടുത്തി പ്രഖ്യാപിച്ച 1956 ലെ വ്യവസായ നയം ഇന്ത്യയുടെ സാമ്പത്തിക ഭരണഘടനയെന്ന് ലോകസാമ്പത്തിക വിദഗ്ധർ പോലും അഭിപ്രായപ്പെട്ടു. പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളി സംരക്ഷണത്തിലും നിയമപരിപാലനത്തിലും വില നിയന്ത്രണത്തിലും മാതൃകാ സ്ഥാപനങ്ങളായി പ്രവർത്തിക്കണമെന്നും ഈ നയത്തിൽ വ്യക്തമാക്കിയിരുന്നു.

വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾ ഗ്രാമീണ മേഖലയിൽ സ്ഥാപിച്ച് റോഡ്, വൈദ്യുതി, കുടിവെള്ളം, വിദ്യാഭ്യാസം, വാണിജ്യം എന്നീ മേഖലകളിൽ ഗ്രാമ പുരോഗതി ഉറപ്പ് വരുത്തുവാനും ശ്രദ്ധിച്ചു. ആഭ്യന്തര ഉൽപാദനം ശക്തിപ്പെടുത്തും വിധം  ഇറക്കുമതി കയറ്റുമതി നയങ്ങൾ കർശനമായി നടപ്പാക്കിയപ്പോൾ 10 മഹാരത്ന കമ്പനികളും, 14 നവ

രത്ന കമ്പനികളും, 78 മിനി രത്ന കമ്പനികളും ഉൾപ്പടെ 292 ഓളം കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ട് ഇന്ത്യൻ വ്യവസായ മേഖല ശക്തിയാർജ്ജിച്ചു.

ഈ രീതിയിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക, വ്യവസായ, കാർഷിക, വാണിജ്യ തൊഴിൽ നയങ്ങളുടെ പിൻബലത്തിൽ നടത്തിയ ചടുലമായ പ്രവർത്തന ഫലമായി 281 ലക്ഷം കോടിയുടെ ആഭ്യന്തര ഉല്പാദനത്തിലേയ്ക്ക് ഇന്ന് രാജ്യം കുതിച്ചിരിക്കുന്നു.

ലാന്റ്-ലേബർ-കാപ്പിറ്റൽ എന്ന അടിസ്ഥാനതത്വം അംഗീകരിച്ച് തൊഴിലവകാശ, വേതന, സാമൂഹ്യ സുരക്ഷാ നിയമ നിർമ്മാണങ്ങളുടെ പിൻബലത്തിൽ തൊഴിലാളികളെ വിശ്വാസത്തിലെടുത്തും സംരക്ഷിച്ചുമാണ് ഈ നേട്ടങ്ങളിലേയ്ക്ക് മുൻകാല ഭരണാധികാരികൾ രാജ്യത്തെ നയിച്ചത്.

സമസ്ത മേഖലകളിലെയും തൊഴിലാളികൾക്ക് ബാധകമാകുന്ന 44 ഓളം തൊഴിലാളി സംരക്ഷണ നിയമങ്ങൾക്ക് രൂപം കൊടുത്തും, തൊഴിലാളികളെ എല്ലാവിധത്തിലും സംരക്ഷിച്ചും, തൊഴിൽ നിയമങ്ങളും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും പഠിപ്പിക്കാൻ വർക്കേഴ്സ് എഡ്യൂക്കേഷൻ സെന്ററുകൾ രാജ്യമാകെ സ്ഥാപിച്ചും, സോഷ്യലിസ്റ്റ് ആശയങ്ങളിൽ അധിഷ്ടിതമായ പ്രവർത്തനങ്ങളാണ് നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും ഭരണകാലത്ത് രാജ്യത്ത് നടന്ന് വന്നത്.

എന്നാൽ 18-ാം നൂറ്റാണ്ടിലെ വ്യവസായ വിപ്ലവത്തിന്റെ ആരംഭത്തിൽ സാമ്പത്തിക വിദഗ്ധൻ ആഡം സ്മിത്ത് രൂപപ്പെടുത്തിയ സാമ്പത്തിക സിദ്ധാന്തമായ മാർക്കറ്റ് എക്കണോമി ആരംഭത്തിൽ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും മാത്രമായിരുന്നെങ്കിൽ ഇന്ന് അത് ലോകമാകെ വ്യാപിച്ചിരിക്കുന്നു. ഇതിന് ബദലായി 20-ാം നൂറ്റാണ്ടിൽ രൂപമെടുത്ത കമ്മ്യൂണിസ്റ്റ് സോഷ്യലിസത്തെയും ഫാബിയൻ സോഷ്യലിസത്തെയും ഈ സാമ്പത്തിക ശാസ്ത്രം ഇന്ന് വിഴുങ്ങി കഴിഞ്ഞു. ഇതിനായി മൂലധന - ഭരണക്കൂട ചങ്ങാത്ത രീതിയായ ക്രോണി ക്യാപിറ്റലിസം ഫലപ്രദമായി ഉപയോഗിക്കപ്പെട്ടു.

ചൈനീസ് ഭരണാധികാരിയായിരുന്ന മാവോ സേതൂങ് 1976 ൽ മരണപ്പെട്ടതിനെ തുടർന്ന് അധികാരത്തിൽ വന്ന ഡെങ് സിയാഒപിങ് **"പൂച്ച കറുത്തതോ വെളുത്തതോ എന്ന് നോക്കണ്ട എലിയെ പിടിക്കുന്നുണ്ടോ എന്ന് നോക്കിയാൽ മതി"** എന്ന പ്രഖ്യാപനത്തോടെ 1978 ൽ കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ചൈന ആഗോള - സ്വകാര്യ ഉദാരവൽക്കരണത്തിന്റെ വാതിലുകൾ തുറന്നിട്ടപ്പോൾ അത് മുതലാളിത്ത ആശയത്തിന്റെ കടന്നു കയറ്റമായി മാറി. ഇതിന് പിന്നാലെ 1985 ൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ് ഭരണാധികാരി ഗോർബച്ചോബ്, **ഗ്ലാസ്നോസ്റ്റ് - പെരിസ്ട്രോയിക്ക** സിദ്ധാന്തവുമായി രംഗത്ത് വന്നപ്പോൾ അവരും ആഗോള മുതലാളിത്വത്തെ വരവേറ്റു. ഈ രീതിയിൽ ആഗോള മുതലാളിത്തം കമ്മ്യൂണിസ്റ്റ് സോഷ്യലിസത്തെ കീഴടക്കിയതിന് പിന്നാലെ ഫാബിയൻ സോഷ്യലിസ്റ്റ് രാജ്യമായ ഇന്ത്യയെയും സാമ്പത്തികമായി ആക്രമിക്കാൻ തുടങ്ങി. 1990 ൽ ബാലൻസ് ഓഫ് പേയ്മെന്റ് വിഷയം ഉയർത്തി ഇന്ത്യയെയും അവർ കീഴടക്കി. 1991 മുതൽ ഇന്ത്യയും ആഗോളവൽക്കരണത്തിന്റെ പിടിയിലായി.

ആരംഭത്തിൽ നരസിംഹ റാവു സർക്കാർ ഈ നയം നടപ്പാക്കിയപ്പോൾ അന്താരാഷ്ട്ര ആധുനിക സാങ്കേതിക വിദ്യകളുടെ വരവിനോട് പിടിച്ച് നിൽക്കാൻ ഇന്ത്യൻ വ്യവസായങ്ങൾക്ക് കഴിഞ്ഞില്ല. ഇതിനെ പ്രതിരോധിക്കാൻ ആകർഷകമായ ഗോൾഡൻ ഷെയ്ക്ക് ഹാന്റും, മാന്യമായ ശമ്പള വർദ്ധനവും എല്ലാ രംഗത്തും സർക്കാർ നടപ്പാക്കി. വികസനത്തിനായി ഏറ്റെടുക്കുന്ന സ്വകാര്യ ഭൂമിയ്ക്ക് ചിന്തിക്കാൻ കഴിയുന്നതിനപ്പുറമായി നഷ്ടപരിഹാര തുക ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചു. കാർഷിക കടങ്ങൾ എഴുതി തള്ളാനും അതുവഴി കർഷകരെ സഹായിക്കാനും നടപടികൾ ഉണ്ടായി. വ്യവസായ - വാണിജ്യ മേഖലകളെ സർക്കാരിന്റെ ചുവപ്പ് നാടയിൽ നിന്നും ഒഴിവാക്കി സ്വതന്ത്ര പ്രവർത്തനത്തിന് അനുമതി നൽകി. നാടിന്റെ വികസനത്തിനായി വൻകിട

സ്ഥാപനങ്ങൾ തങ്ങളുടെ വരുമാനത്തിന്റെ രണ്ട് ശതമാനം തുക സാമൂഹ്യ ഉത്തരവാദിത്വ ഫണ്ടായി (CSR) ചെലവഴിച്ചിരിക്കണമെന്ന നിയമം കർശനമായി നടപ്പാക്കി. പട്ടിണി മാറ്റാനും ദുർബലവിഭാഗങ്ങളെ സഹായിക്കാനുമായി 2005 ൽ ആരംഭിച്ച മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലോക ഭരണക്കൂടങ്ങളെ പോലും അത്ഭുതപ്പെടുത്തി.

എന്നാൽ 2014 ൽ അധികാരത്തിൽ വന്ന ജാതി - മത - വർഗീയ ഫാസിസ്റ്റ് ഇന്ത്യൻ ഭരണം രാജ്യം പുരോഗതിയിലേയ്ക്ക് കുതിക്കുന്നു എന്നും, സമഗ്രവികസനം നടക്കുന്നു എന്നും രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനം സമീപഭാവിയിൽ 415 ലക്ഷം കോടി (5 ട്രില്ല്യൻ US ഡോളർ) യായി ഉയരുമെന്നും അവകാശപ്പെടുമ്പോൾ, തൊഴിലാളികളുടെ അവസ്ഥ 19-ാം നൂറ്റാണ്ടിന് സമാനമായ രീതിയിൽ അടിമത്വത്തിലേയ്ക്ക് നയിക്കപ്പെടുന്നു.

സ്ഥിരം നിയമനം ഇല്ല. തൊഴിൽ കരാർവൽക്കരണം വ്യാപകം. ജോലി സമയം 12 മണിക്കൂർ വരെയായിരിക്കുന്നു. മിനിമം വേതനം പോലും ശരിയായി നിശ്ചയിക്കപ്പെടുകയോ നൽകുകയോ ചെയ്യുന്നില്ല. പിരിച്ചുവിടലും, അടച്ചുപൂട്ടലും, ലേ-ഓഫും, ലോക്കൗട്ടും നിർബാധം നടക്കുന്നു. ദേശീയ മിനിമം വേതനം ചർച്ച പോലുമില്ല. ESI, പ്രൊവിഡന്റ് ഫണ്ട്, ബോണസ്സ് ശമ്പളപരിധി ഉയർത്തുന്നില്ല. തൊഴിൽ നിയമങ്ങളെല്ലാം മരവിപ്പിച്ചിരിക്കുന്നു. ശരിയായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഒന്നും ഇല്ല. സമസ്ത മേഖലകളിലെയും തൊഴിലാളികൾ ആകെ മാനസിക സമ്മർദ്ദത്തിന്റെ പിടിയിലാണ്. അതുകൊണ്ട് തൊഴിലാളികൾ നിരാശരും അസംതൃപ്തരും ആണ്. ഇതിനെയെല്ലാം പ്രോത്സാഹിപ്പിക്കും വിധം സ്വതന്ത്ര ഇന്ത്യയിൽ രൂപപ്പെടുത്തിയ 29 അടിസ്ഥാന തൊഴിലാളി സംരക്ഷണ നിയമങ്ങൾ റദ്ദ് ചെയ്ത് 4 പുതിയ ലേബർ കോഡുകൾ ഇന്ന് രൂപപ്പെടുത്തിയിരിക്കുന്നു. ILO യുടെയും, ഐക്യരാഷ്ട്ര സഭയുടെയും, അന്തർദേശീയ പൊതുതത്വങ്ങൾക്കും ഇൻഡ്യൻ ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾക്കും എതിരായിട്ടുള്ള നടപടികളാണ് തൊഴിൽ മേഖലയിൽ ഭരണകൂടം ഇന്ന് സ്വീകരിച്ചു വരുന്നത്.

സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമായി മാറുന്ന അവസ്ഥയാണ് നിലവിലെ മാർക്കറ്റ് എക്കണോമി എന്ന സാമ്പത്തിക നയം സമൂഹത്തിന് നൽകുന്നത്. ഇത് രാജ്യങ്ങൾക്കും ബാധകമാകുന്നു. വികസിത രാജ്യങ്ങൾ നേട്ടങ്ങൾ കൈവരിക്കുമ്പോൾ വികസ്വര-അവികസിത രാജ്യങ്ങൾ കടക്കെണിയിൽപ്പെട്ട് എല്ലാ രീതിയിലും തകരുന്ന സ്ഥിതി ഉണ്ടാകുന്നു. ഇന്ത്യയുടെ സ്ഥിതിയും വ്യത്യസ്തമല്ല. രാജ്യത്തെ സമ്പന്നന്മാരും കോർപ്പറേറ്റുകളും ലോകകോടീശ്വരന്മാരായി ഉയരുമ്പോൾ 157 ലക്ഷം കോടി രൂപയുടെ കടബാധ്യതയുമായി പ്രാരാബ്ദങ്ങളുടെ ഏറ്റുപറച്ചിലിലാണ് ഭരണക്കൂടം.

IMF ന്റെയും വേൾഡ് ബാങ്കിന്റെയും ഉപദേശ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് തയ്യാറാക്കപ്പെടുന്ന ആഭ്യന്തര ഉൽപാദനത്തിന്റെ കണക്കും വളർച്ചാ നിരക്കും യാഥാർത്ഥവുമായി ഒരിക്കലും പൊരുത്തപ്പെടുന്നതല്ല. നിയമാനുസൃത ചൂതാട്ടമായ ഓഹരി കമ്പോളത്തിലെ ഊഹക്കച്ചവടത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിലയിരുത്തൽ ഊതി വീർപ്പിച്ച ബലൂണിന് തുല്യമാണെന്ന് പല സന്ദർഭങ്ങളിലായി ലോകവും രാജ്യവും അനുഭവിച്ചറിഞ്ഞതാണ്. 2008 ലെ ലോകസാമ്പത്തിക മാന്ദ്യം ഇത് ബോദ്ധ്യപ്പെടുത്തുന്നു.

രാജ്യത്തെ ഒരോ വ്യക്തിയുടെയും സാമ്പത്തികവും ആരോഗ്യപരവും മാന്യവും ആയ ജീവിതാവസ്ഥയാണ് യഥാർത്ഥത്തിൽ വികസനവും സമഗ്ര വികസനവും കൊണ്ട് അർത്ഥമാക്കേണ്ടത്. ഇത് ഒരു പരിധി വരെ വികസിത രാജ്യങ്ങളിലെ ജനങ്ങളും തൊഴിലാളികളും നേടിയെടുത്തിയിരിക്കുന്നു. എന്നാൽ വികസ്വര - അവികസിത രാജ്യങ്ങളിലെ ജനങ്ങളും പ്രത്യേകിച്ച് തൊഴിലാളികളും എല്ലാ രീതിയിലും പാർശ്വവൽക്കരിക്കപ്പെടുകയും ചൂഷണ വിധേയരായി മാറുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇതാണ് ഇന്നത്തെ വെല്ലുവിളി.

ലോകമാകെ ആഗോളവൽക്കരണത്തിന്റെ പിടിയിലായപ്പോൾ വികസിത - വികസ്വര - അവികസിത വ്യത്യാസമില്ലാതെ എല്ലാ രാജ്യങ്ങളും പ്രത്യേകിച്ച് അമേരിക്ക അടക്കം സാമ്പത്തിക പ്രതിസന്ധിയിലായി. ഫ്രാൻസും, ഗ്രീസും, ബ്രിട്ടണും, ജർമ്മനിയും, ജപ്പാനും വിവിധ പ്രതിസന്ധികൾ നേരിടുന്നു. ഇന്ത്യയും ചൈനയും ഉൾപ്പെടുന്ന ഏഷ്യൻ രാജ്യങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

ഇതേ സന്ദർഭത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി എന്ന ആധുനിക സാങ്കേതിക ഭാവത്തിന്റെ വരവ് തൊഴിലിനെയും വരുമാനത്തെയും ഒരു മഹാമാരി പോലെ പ്രതികൂലമായി ബാധിക്കുമെന്ന് ഈ സങ്കേതിക വിദ്യയുടെ തലതൊട്ടപ്പനായ "ജിയോഫ്രി ഹിന്റൺ" അഭിപ്രായപ്പെട്ട് ഗൂഗിളിൽ നിന്നും തന്റെ ജോലി രാജിവെച്ചിരിക്കുന്നു.

പ്രാചീനകാല വികസനം അടിമത്വത്തിലൂടെയാണ് നടന്നിട്ടുള്ളത് എന്നതിനാൽ ആധുനിക കാലത്തും അടിമത്വമാണ് വികസനത്തിന് അനിവാര്യം എന്ന് ഭരണകൂടങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇത് ജനാധിപത്യ വിരുദ്ധവും, തൊഴിലാളി വിരുദ്ധവും, മനുഷത്വരഹിതവും ആണ്.

തൊഴിലാളി - തൊഴിലുടമ - സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന ത്രികക്ഷി സമ്പ്രദായം ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം രൂപപ്പെട്ട വാഴ്സ ഉടമ്പടിയുടെ ഭാഗമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് 1919 ൽ ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ (ILO) രൂപീകരിക്കപ്പെടുന്നത്. 1945 ൽ ഐക്യരാഷ്ട്ര സംഘടന രൂപീകരിക്കപ്പെട്ടപ്പോഴും ഈ ത്രികക്ഷി സമ്പ്രദായം അംഗീകരിച്ചിരുന്നു. 1920 ൽ ബ്രിട്ടീഷ് ഭരണക്കാലത്ത് ആരംഭിച്ചതും 1945 വരെ തുടർന്നതുമായ ഇന്ത്യൻ ഇംപീരിയൽ ലെജിസ്ലേറ്റീവ് കൗൺസിലിൽ ട്രേഡ് യൂണിയൻ പ്രതിനിധിയെ ബ്രിട്ടീഷ് സർക്കാർ നേമിനേറ്റ് ചെയ്തിരുന്നത് ത്രികക്ഷി സമ്പ്രദായത്തെ അംഗീകരിച്ചത് കൊണ്ടാണ്. 1940 ൽ ബ്രിട്ടീഷ് ഭരണക്കാലത്ത് ഇന്ത്യൻ ലേബർ കോൺഫറൻസിന് ആരംഭം കുറിച്ചത് ഈ ത്രികക്ഷി സമ്പ്രദായത്തിന്റെ അംഗീകാരത്തിലാണ്.

എന്നാൽ ഇന്ന് ഈ ത്രികക്ഷി സമ്പ്രദായം എല്ലാ രീതിയിലും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ILO തീരുമാനങ്ങൾ അവഗണിക്കുന്നു. ഇന്ത്യൻ ലേബർ കോൺഫറൻസ് എല്ലാവരേയും ഉൾപ്പെടുത്തി ശരിയായ രീതിയിൽ ചേരുകയോ ചർച്ചകൾ നടത്തുകയോ ചെയ്യുന്നില്ല. തൊഴിൽ വകുപ്പിൽ പോലും ത്രികക്ഷി ചർച്ചകൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

തൊഴിൽ കരാർവൽക്കരണം അവസാനിപ്പിച്ച് 8 മണിക്കൂർ ജോലിയും, മാന്യമായി ജീവിക്കാനാവശ്യമായ വേതനവും, സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളും ത്രികക്ഷി കൂടിയാലോചന രീതികളും, ജനാധിപത്യപരവും ഭരണഘടനാപരവും അന്തർദേശീയ തൊഴിൽ വ്യവസ്ഥകൾ അനുസരിച്ചും തൊഴിലാളികളുടെ അവകാശങ്ങളാണ്. ഈ തിരിച്ചറിവും പൊതുബോധവും മൂലധനശക്തികൾക്കും, സാമ്പത്തിക വിദഗ്ദ്ധർക്കും, രാഷ്ട്രീയ പാർട്ടികൾക്കും, ഭരണകൂടങ്ങൾക്കും ഉണ്ടാകേണ്ടതുണ്ട്.

*****



WORKERS ARE THE MAKERS OF REVOLUTION HISTORY AND VICTORY

Published By V.J. Joseph, General Secretary
for INTUC Kerala State Committee